Malappuram District Police

## 06.10.2017 മേലാറ്റൂർ

സാധനങ്ങൾ വാങ്ങാനെന്ന വ്യാജേന കടയിലെത്തി പണമടങ്ങുന്ന ബാഗുമായി കടന്നുകളഞ്ഞ യുവാവിനെ പോലീസ് അറസ്റ്റുചെയ്തു. കരുവാരക്കുണ്ട് പുത്തനഴി പാറയിലെ അത്തിക്കാടൻ നവാസിനെ(25) യാണ് മേലാറ്റൂർ എസ്.ഐ. സാജൻ അറസ്റ്റുചെയ്തത്. ചൊവ്വാഴ്ച പകൽ 01.30–ഓടെയായിരുന്നു സംഭവം. എടപ്പറ്റ പുല്ലുപറമ്പിൽ പ്രവർത്തിക്കുന്ന പലചരക്ക കടയിൽ നിന്നാണ് ഇയാൾ ബാഗുമായി കടന്നുകളഞ്ഞത്. കടയുടമയുടെ ഭാര്യ മാത്രമായിരുന്നു ഈ സമയം കടയിൽ ഉണ്ടായിരുന്നത്.

സാധനങ്ങൾ വാങ്ങാനെന്ന വ്യാജേന കടയിലെത്തിയ നവാസ് സ്ത്രീയെ കബളിപ്പിച്ച് മേശയിൽ സൂക്ഷിച്ചിരുന്ന നാൽപ്പതിനായിരം രൂപയടങ്ങിയ ബാഗുമായി രക്ഷപ്പെടുകയായിരുന്നു. തുടർന്ന് നാട്ടുകാരുടെ സഹായത്തോടെ പോലീസ് പ്രതിയെ പിടികൂടുകയായിരുന്നു. ഇയാളെ പെരിന്തൽമണ്ണ കോടതിയിൽ ഹാജരാക്കി റിമാൻറ് ചെയ്തു.